# കോട്ടക്കൽ നഗരസഭ സെക്രട്ടറിയുടെ ഉത്തരവ് നടപടികൾ

(ഹാജർ : കറിയാക്കോസ് എ. സി)

**കോട്ടക്കൽ നഗരസഭ- എഞ്ചിനീയറിംഗ്- കെട്ടിട നിർമ്മാണാനുമതിയ്ക്കുള്ള അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിന് സമയപരിധി നിശ്ചയിച്ച്, നടപടികൾ പുനഃ ക്രമീകരിച്ച് ഉത്തരവാകുന്നു.**

---

**എസ്1/2011** — **കോട്ടക്കൽ, തീയതി. 20-1-2011**

---

**പരാമർശം:- 15-01-2010 തീയതിലെ 71395/ആർ.എ2/2009 തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.**

## ഉത്തരവ്

കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 13,14 ചട്ടങ്ങൾ പ്രകാരം കെട്ടിട നിർമ്മാണാനുമതിയ്ക്കുള്ള അപേക്ഷ ലഭിച്ചു കഴിഞ്ഞ് 30 ദിവസത്തിനകം സൈറ്റ് പ്ലാൻ അംഗീകാരവും, തുടർന്ന് പെർമിറ്റും നൽക്കുന്നതിന് വ്യവസ്ഥകളുണ്ട്. എന്നാൽ പെർമിറ്റ് നൽക്കുന്നതിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ അമിതമായ കാലതാമസം വരുത്തുന്നതായി നിരവധി പരാതികൾ സർക്കാരിന് ലഭിച്ച് വരുന്ന സാഹചര്യത്തിൽ,കെട്ടിട നിർമ്മാണ അനുമതിയ്ക്കായി നഗരസഭകളിലും, പഞ്ചായത്തുകളിലും ലഭിക്കുന്ന അപേക്ഷകളിൽ ആക്ഷേപങ്ങളൊന്നും ഇല്ലാത്തപക്ഷവും, മറ്റ് സ്ഥാപനങ്ങളിൽ നിന്ന് നിരാക്ഷേപ സാക്ഷ്യപത്രങ്ങളൊന്നും വേണ്ടാത്തപക്ഷവും, പ്രസ്തുത അപേക്ഷ ഒരോ ഉദ്യോഗസ്ഥനും കൈവശം വച്ച് നടപടി സ്വീകരിക്കുവാൻ വേണ്ട സമയക്രമം,സർക്കാർ പരാമർശിത ഉത്തരവിൽ നിശ്ചയിച്ചതിന് അനുസൃതമായി താഴെ പറയും പ്രകാരം ഉത്തവ് പുറപ്പെടുവിക്കുന്നു.

1) ഓഫീസിൽ ലഭിക്കുന്ന അപേക്ഷ P W 1 സെക്ഷൻ രജിസ്റ്റർ ചെയ്തു ബന്ധപ്പെട്ട ഓവർസിയർക്ക് കൈമാറുന്നതിന് - 2 ദിവസം

2) ഓവർസിയർ പരിശോധന പൂർത്തിയാക്കി ശുപാർശ സമർപ്പിക്കുന്നതിന് - 7 ദിവസം

3) മുനിസിപ്പൽ എഞ്ചിനീയർ ലെവലിലുള്ള പരിശോധനയ്ക്ക് - 3 ദിവസം

4) മുനിസിപ്പൽ സെക്രട്ടറിക്ക് - 3 ദിവസം

5) പെർമിറ്റ്/നോട്ടീസ് പോസ്റ്റിൽ അയയ്ക്കുന്നത് വരെയുള്ള ഓഫീസ് നടപടികൾക്ക് - 3 ദിവസം

6) മുനിസിപ്പൽ എഞ്ചിനീയർ തലത്തിൽ അനുമതി നൽകുന്ന അപേക്ഷകളിൽ ആകെ 15 ദിവസത്തിനകവും, സെക്രട്ടറി തലത്തിൽ അനുമതി നൽക്കുന്ന അപേക്ഷകളിൽ 18 ദിവസത്തിനകവും പെർമിറ്റ് നൽകിയിരിക്കേണ്ടതാണ്.

7 )മുനിസിപ്പൽ എഞ്ചിനീയർ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലുള്ള ഉദ്യോഗസ്ഥൻ ആയാൽ 300 Sq.m. വരെ പ്ലിന്ത് ഏരിയ ഉള്ള കെട്ടിടങ്ങൾക്ക് മുനിസിപ്പൽ എഞ്ചിനീയർ തലത്തിൽ കെട്ടിട നിർമ്മാണനുമതി നൽകേണ്ടത്താണ്.

8) കെട്ടിട നിർമ്മാണ അനുമതിക്കയി നഗരസഭയിൽ ലഭിക്കുന്ന അപേക്ഷകൾ വിവിധ വാർഡുകളിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നൽകേണ്ടതും, ലഭിച്ചിരിക്കുന്ന അപേക്ഷകൾ മുൻഗണനാ ക്രമത്തിൽ തന്നെ പരിശോധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കേണ്ടടതും, സെക്ഷൻ ക്ലാർക്ക് ബിൽഡിംഗ് അപ്ലിക്കേഷൻ രജിസ്റ്ററിൽ ബന്ധപ്പെട്ടവിവരങ്ങൾ രേഖപ്പെടുത്തി അപേക്ഷയും രജിസ്റ്ററും സഹിതം പെർമിറ്റ് ഒപ്പ് വെക്കുന്നതിന് / നിരാകരിക്കുന്നതിന് ഒരു ദിവസത്തിനകം സമർപ്പിക്കേണ്ടതുമാണ്.

9) കെട്ടിട നിർമ്മാണ അനുമതി യാതൊരു കാരണവശാലും മുൻഗണാക്രമം തെറ്റിച്ച് നൽകാൻ പാടില്ലാത്തും, നിർമ്മാണനുമതി സമയപരിധിക്കുള്ളിൽത്തന്നെ നൽകേണ്ടതും, അപേക്ഷകളിൽ ന്യൂനത ഉള്ള പക്ഷം ആയത് രോഖാമൂലം 7 ദിവസത്തിനകം കക്ഷിയെ അറിയിക്കേണ്ടതുമാണ്.

നഗരസഭയിൽ ലഭിക്കുന്ന അപേക്ഷകളിൽ കാലതാമസം വന്നാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആയതിന്റെ വിശദീകരണവും, മുനി.എഞ്ചിനീയറുടെ റിമാർക്സ് സഹിതംഫയൽ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതും, സെക്രട്ടറിയുടെ ഉത്തരവ് ഫയലിൽ വാങ്ങിയതിനു ശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കാവൂ എന്ന് നിർദ്ദേശിക്കുന്നു. ചട്ടം ലംഘിച്ച നിർമ്മാണനുമതി നൽകുന്ന പക്ഷവും, അപേക്ഷകളിൻമേൽ അനാവശ്യകാലതാമസം വരുത്തുന്നതും ഗൗരവമായി കാണുന്നതും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിനുള്ള വീഴ്ചയായി കണക്കാക്കി നടപടികൾ സ്വീകരിക്കുന്നതുമാണ്.

കെട്ടിടനിർമ്മാണനുമതി നൽകുന്നതുമായി ബന്ധപ്പെട്ട എല്ലാ നിബന്ധനകളും പാലിക്കുന്നുണ്ടെന്നും പ്രതിമാസ റിപ്പോർട്ട് സർക്കാരിനും, നഗകാര്യ വകുപ്പ് ഡയറക്ടർക്കും യഥാസമയം അയച്ചുകൊടുക്കുന്നുവെന്നും മുനിസിപ്പൽ എഞ്ചിനീയർ ഉറപ്പ് വരുത്തേണ്ടതാണ്.

**മുനിസിപ്പൽ സെക്രട്ടറി**

**ബന്ധപ്പെട്ട ജീവനക്കാർക്ക്.**

പകർപ്പ് :- ബഹു. ഗവൺമെന്റ് സെക്രട്ടറി,തദ്ദേശസ്വയം ഭരണ വകുപ്പ്,
തിരുവനന്തപുരം (ഉപരിപത്രം സഹിതം)
ചീഫ് എഞ്ചിനീയർ **L S G D** തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം .
റീജിയണൽ ജോയിന്റ് ഡയറക്ടർ, കോഴിക്കോട്
വകുപ്പ് തലവന്മാർക്ക്.
ബഹു. ചെയർപേഴ്സന്റെ മേശപ്പുറത്ത്, കരുതൽ ഫയൽ.